ICPS-3/7845/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്(Annex)
SCPS, പൂജപ്പുര, തിരുവനന്തപുരം
തീയതി: 14..06..2016.

**സർക്കുലർ**

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ICPS - ജെ.ജെ.ഹോം, ഡി.സി.പി.യു. എന്നിവിടങ്ങളിലെ ജീവനക്കാർ മീറ്റിംഗുകൾ, പരിശീലന പരിപാടികളിൽ പങ്കെടുക്കാതിരിക്കുന്നത് - സംബന്ധിച്ച്.

സൂചന:-

സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഡി.സി.പി.യു.കളിലെയും ജെ.ജെ. സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ കർമ്മശേഷി വർദ്ധിപ്പിക്കുകയെന്ന ഉദ്ദേശത്തോടെ വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും, പ്രസ്തുത പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതിന് ജീവനക്കാരെ നിയോഗിച്ച് ഈ ഓഫീസിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കാറുമുണ്ട്. എന്നാൽ പല ജീവനക്കാരും ഇത്തരം പരിപാടികളിൽ പങ്കെടുക്കാറില്ല. എന്തെങ്കിലും ഒഴിവുകഴിവുകൾ പറഞ്ഞ് പരിശീലന പരിപാടിയിൽ നിന്നും മാറിനില്ക്കുന്ന സ്ഥിതിവിശേഷം നിലനില്ക്കുന്നു. ഇതിന്റെ ഫലമായി ജീവനക്കാർക്ക് പരിശീലനം നല്കി കാര്യക്ഷമമായി പ്രവർത്തിക്കുവാൻ സജ്ജരാക്കുക എന്ന ലക്ഷ്യം നിറവേറ്റാൻ കഴിയാതെ വരുന്നു. അതോടൊപ്പം ഇതിനായി ചെലവഴിക്കുന്ന തുക വെറുതെയാകുകയും ചെയ്യുന്നു.

ജീവനക്കാരെ വിവിധ പരിശീലന പരിപാടികളിൽ നിയോഗിച്ചുകൊണ്ട് ഈ ഓഫീസിൽ നിന്നും ഉത്തരവ് നല്കിയാൽ അവർ നിർബന്ധമായും പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്. ഇതിന് വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ് എന്നറിയിക്കുന്നു.

മന:പൂർവ്വം പരിശീലന പരിപാടികളിൽ പങ്കെടുക്കാതിരിക്കുന്നുവെന്ന് തെളിഞ്ഞാൽ വാർഷിക പെർഫോമൻസ് റിപ്പോർട്ടിൽ ഇക്കാര്യം ഉൾപ്പെടുത്തുകയും പ്രതികൂല പരാമർശങ്ങൾ നടത്തുന്നതുമാണ് എന്ന വിവരം കൂടി അറിയിക്കുന്നു.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ(ഇൻ ചാർജ്ജ്)

എല്ലാ ഡി.സി.പി.ഒ. മാർക്കും.

എല്ലാ ജെ.ജെ.ഹോം സൂപ്രണ്ടുമാർക്കും.